'ഭരണഭാഷ - മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല - കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ബി. ഉഷാകുമാരിയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2660/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/11/2019**

---

പരാമർശം:- 1 പത്തനംതിട്ട, മലപ്പള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-3 സീനിയർ സൂപ്രണ്ടിന്റെ 24.05.2018-ലെ പി.എ.യു.3/38/2018 നമ്പർ അന്വേഷണ റിപ്പോർട്ട്

2 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.2018-ലെ എ5-610/2018 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 22.08.2018-ലെ ഡി11-21612/2018 നമ്പർ കത്ത്

4 സർക്കാരിന്റെ 18.06.2019-ലെ ഇപിബി2/11/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീമതി. ബി. ഉഷാകുമാരി സമർപ്പിച്ച 17.07.2019-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ കരിങ്കൽ ക്വാറിക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണത്തിന്മേൽ സീനിയർ പെർഫോമൻസ് ഓഡിറ്റർ അന്വേഷണം നടത്തി പരാമർശം ( 1 ) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ഫയലുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 2 3 3 വ്യവസ്ഥകൾ പൂർണ്ണമായും സെക്രട്ടറി പാലിച്ചിട്ടില്ലെന്നും ശ്രീ. എ.ഡി. ജോണിന്റെ പേരിലുള്ള ക്വാറിയിംങ് പെർമിറ്റുകൾ പുതുക്കി നൽകുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് ലഭ്യമാക്കാൻ ജില്ലാ ജിയോളജിസ്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും സെക്രട്ടറി എൻ.ഒ.സി. നല്കുകയാണുണ്ടായതെന്നും പാരിസ്ഥിതിക സർട്ടിഫിക്കറ്റിൽ ഇല്ലാതിരുന്ന 107/1 എന്ന സർവ്വേ നമ്പർ ഉൾപെടുത്തി നൽകിയിട്ടുള്ളതായും അതനുസരിച്ച് ജിയോളജി വകുപ്പിൽ നിന്നും ലഭ്യമാക്കിയ ക്വാറിയിംഗ് പെർമിറ്റിൽ 107/1 എന്ന നമ്പർ കൂടി ഉൾപ്പെടുത്തുകയും 08.04.2016 മുതൽ 07.04.2017 വരെ പാറഖനനത്തിനു അനുമതി നല്കിയിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. കൂടാതെ 2016-17-ലെ ലൈസൻസിനായി നൽകിയ അപേക്ഷയോടൊപ്പം സെക്ഷൻ 233 പ്രകാരമുള്ള അനുബന്ധ രേഖകളൊന്നുംതന്നെ അപേക്ഷകൻ ഉള്ളടക്കം ചെയ്യാതെ 27.04.2015-ൽ നിരസിക്കപ്പെട്ട അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന രേഖകൾതന്നെ ലൈസൻസ് നൽകുന്നതിലേയ്ക്ക് സെക്രട്ടറി പരിഗണിച്ചിട്ടുള്ളതായും കൂടാതെ 107/1, 107/4-1 pt, 107/7, 107/8 എന്നീ സർവ്വേ നമ്പരുള്ള സ്ഥലത്തിനും 108/1 pt, 108/3 pt എന്നീ സർവ്വേ നമ്പരിലുള്ള സ്ഥലത്തിനും രണ്ടു ലൊക്കേഷൻ സ്കെച്ച് വില്ലേജ് ആഫീസർ നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ടു വ്യത്യസ്ത നമ്പരിലുള്ള ലെറ്റർ ഓഫ് ഇൻഡന്റ് ജിയോളജിസ്റ്റ് സെക്രട്ടറിക്ക്

നൽകിയിരുന്നുവെങ്കിലും 2017-18 പരിശോധിച്ചതിൽ നിന്നും രണ്ടു വ്യത്യസ്ത ക്വാറികൾക്കുള്ള പ്രത്യേക അപേക്ഷകൾ നൽകിയിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ആവശ്യമായ രേഖകളുടെ അഭാവത്തിലും ചട്ടങ്ങൾക്ക് അനുസൃതമല്ലാതെയുമാണ് 18.12.2014 മുതൽ 31.03.2018 വരെ വ്യത്യസ്ത കാലയളവുകളിലേക്കായി ശ്രീ. എ.ഡി. ജോൺ കോട്ടാങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന സെന്റ്മേരീസ് റോക്സ്, കള്ളിപ്പാറ എന്ന സ്ഥാപനത്തിന് പാറ ഖനനത്തിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളതെന്നും, സെക്രട്ടറിയുടെ റിപ്പോർട്ടിലെ വിവരങ്ങൾ പൂർണ്ണമായും സ്വീകരിക്കാൻ കഴിയുകയില്ലായെന്നും ആയതിനാൽ പരാതിക്ക് അടിസ്ഥാനമുണ്ടെന്നും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 30.06.2018-ൽ കാലാവധി അവസാനിക്കുന്ന കൺസന്റ് സ്വീകരിച്ചുകൊണ്ട് കാലാവധി തീരുന്നമുറയ്ക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെങ്കിൽ ലൈസൻസ് റദ്ദാക്കുമെന്ന നിബന്ധനയോടെ ടി സ്ഥാപനത്തിന് 04.04.2018 മുതൽ 31.03.2019 വരെ പാറഖനനത്തിന് 04.04.2018 ലെ എ3-371/18-ാം നമ്പരായി ലൈസൻസ് നൽകിയിട്ടുണ്ട്. ടി അപാകതകൾ സെക്രട്ടറിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതിനാൽ സെക്രട്ടറിയ്ക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതും ആയത് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിഷയങ്ങളിൽ ലൈസൻസ് അനുവദിച്ചതിൽ സെക്രട്ടറിയായിരുന്ന ശ്രീമതി. ബി. ഉഷാകുമാരിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായും എന്നാൽ ശ്രീമതി. ഉഷാകുമാരി 31.05.2018-ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ സൂചന (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആവശ്യമായ രേഖകളുടെ അഭാവത്തിലും ചട്ടങ്ങൾക്ക് അനുസൃതമല്ലാതെയുമാണ് 18.12.2014 മുതൽ 31.03.2018 വരെ വ്യത്യസ്ത കാലയളവുകളിലേക്കായി ശ്രീ. എ.ഡി. ജോൺ കോട്ടാങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന സെന്റ്മേരീസ് റോക്സ്, കള്ളിപ്പാറ എന്ന സ്ഥാപനത്തിന് പാറ ഖനനത്തിന് ഗ്രാമപഞ്ചായത്ത് ലൈസൻ സ് അനുവദിച്ചതെന്നും ഇത്തരത്തിൽ ലൈസൻസ് അനുവദിച്ചുവഴി സെക്രട്ടറിയായിരുന്ന ശ്രീമതി. ബി. ഉഷാകുമാരിയുടെ ഭാഗത്തുനിന്നും അത്യന്തം ഗൗരവതരമായ വീഴ്ച ഉണ്ടായിട്ടുണ്ട് എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ബി. ഉഷാകുമാരി 31.05.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ശ്രീമതി. ബി. ഉഷാകുമാരിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ബി. ഉഷാകുമാരി പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. ബി. ഉഷാകുമാരിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീമതി. ബി. ഉഷാകുമാരിയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. ബി. ഉഷാകുമാരിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം (1) – (5) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീമതി. ബി. ഉഷാകുമാരി, മുൻ സെക്രട്ടറി, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/11/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ